# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2359 09/03//2018-ലെ മറുപടി

## ഡാമുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| എ) ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര ഡാമുകൾ ഉണ്ട് എന്നതിന്റെ വിശദ വിവരം നൽകുമോ ; | എ) ജലസേചന വകുപ്പിന് കീഴിൽ 20 ഡാമുകൾ /റഗുലേറ്ററുകൾ/ ബാരേജുകൾ ഉണ്ട് ഡാമുകൾ /റെഗുലേറ്ററുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.<br>1. മലമ്പുഴ<br>2. പോത്തുണ്ടി<br>3. ചുള്ളിയാർ<br>4. മീൻകര<br>5. കാഞ്ഞിരപ്പുഴ<br>6. മലങ്കര<br>7. ചിമ്മിണി<br>8. പഴശ്ശി ബാരേജ്<br>9. പെരിയാർ വാലി (ഭൂതത്താൻകെട്ട്) ബാരേജ്<br>10. മൂലത്തറ റഗുലേറ്റർ<br>11. കല്ലട<br>12. വാഴാനി<br>13. പീച്ചി<br>14. നെയ്യാർ<br>15. വാളയാർ<br>16. കുറ്റ്യാടി<br>17. പമ്പ - ബാരേജ്<br>18. മംഗലം<br>19. കാരപ്പുഴ<br>20. ശിരുവാണി<br><br>കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണമേഖലയുടെ കീഴിൽ പേപ്പാറ, അരുവിക്കര എന്നീ രണ്ട് ഡാമുകൾ ഉണ്ട്. |

| | |
|---|---|
| ബി)പ്രസ്തുത ഡാമുകളുടെയും മറ്റും സംരക്ഷണത്തിനും അറ്റകുറ്റപ്പണിക്കും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ? | ബി) ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012 ൽ കേന്ദ്ര ജല കമ്മിഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന DRIP -1 പദ്ധതിയിലാണ് ഇപ്പോൾ പ്രധാനമായും പണികൾ നടന്നു വരുന്നത്. മലമ്പുഴ, പോത്തുണ്ട്, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), മൂലത്തറ റഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. എല്ലാ ഡാമുകളുടെ സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും തിരുവനന്തപുരത്തെ ഡാം സേഫ്റ്റി ഹെഡ് കോർട്ടേഴ്സിന്റെ നിർമ്മാണവും ഇവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്<br><br>ഇതു കൂടാതെ പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർമാരുടെ അധികാര പരിധിയിലുള്ള ശീർഷകങ്ങളിൽ വാർഷിക അറ്റകുറ്റപ്പണികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചും ഡാമുകളുടെയും മറ്റു സംരക്ഷണ പണികൾ നടത്തുന്നുണ്ട് . കൂടാതെ ശിരുവാണി ഡാമുമായി ബന്ധപ്പെട്ട അറ്റകുറ്റ പണികൾ തമിഴ്നാട് സർക്കാരിന്റെ ഫണ്ട് ലഭ്യത അനുസരിച്ച് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ